# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1543 13.6.2014-ൽ മറുപടിയ്ക്ക്

## കുളത്തൂപ്പുഴ ഹൈടെക് ഡയറി ഫാമിന്റെ പ്രവർത്തനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.രാജു | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കുളത്തൂപ്പുഴ ഹൈടെക് ഡയറി ഫാമിൽ നിലവിൽ എത്ര പശുക്കൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; | എ) | കുളത്തൂപ്പുഴ ഹൈടെക് ഡയറി ഫാമിൽ നിലവിൽ 146 പശുക്കളെ പരിപാലിക്കുന്നുണ്ട്. |
| ബി) ഫാം ഉത്പാദിപ്പിക്കുന്ന പാൽ ബ്രാൻറഡ് ആയി വിപണിയിൽ എത്തിക്കുന്നതിന് ആവിഷ്കരിച്ച പ്രോജക്ട് ഇപ്പോഴും പരിഗണനയിലുണ്ടോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുമോ; | ബി) | ഉണ്ട്. ഇപ്പോൾ ഫാമിൽ ഉൽപ്പാദിപ്പിക്കുന്ന പാലിന് ഫാമിന്റെ സമീപ പ്രദേശത്തുള്ള ആവശ്യക്കാർ ധാരാളമാണ്. ഫാമിൽ നിന്നും കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്ന മുറയ്ക്ക് "ബ്രാന്റഡ് " ആയി പാൽ വിപണനം ചെയ്യുന്നത് പരിഗണിക്കുന്നതാണ്. |
| സി) ഈ പദ്ധതിയോടൊപ്പം മനുഷ്യന്റെ ഹാർട്ട് വാൽവ് നിർമ്മിക്കുന്നതിനായി തിരുവനന്തപുരം ശ്രീ.ചിത്രാ ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് സംയുക്തമായി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരുന്ന പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കുമോ? | സി) | ഹൃദയസംബന്ധമായ ഉപയോഗങ്ങൾക്കായുള്ള കോശരഹിത മൃഗകലകൾ വികസിപ്പിച്ചെടുക്കുന്നതിന്റെ ഗവേഷണ പഠനങ്ങളുടെ ഭാഗമായി, കെ.എൽ.ഡി.ബോർഡ് ലഭ്യമാക്കുന്ന രോഗവിമുക്തമായ കന്നുകുട്ടികളുടെ മൃഗകലകൾ , കോശവിമുക്തമാക്കൽ പ്രക്രിയ നടത്തി, ഈ കലകളുടെ ഗുണനിലവാരവും, സുരക്ഷിതത്വവും, അവ ഹൃദയരോഗ സംബന്ധിയായ ചികിത്സയ്ക്ക് ഉപയോഗയോഗ്യമാണോ എന്ന് ഗവേഷണം നടത്തുന്ന ഒരു പദ്ധതിയാണിത്. ഈ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ വിജയകരമായാണ് കണ്ടത്. ഈ സാങ്കേതിക വിദ്യ കൈമാറി വ്യാവസായിക ഉൽപ്പാദനത്തിനായുള്ള 'എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ' ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ടിൽ വിളിക്കുകയും സൂററ്റിലെ മെഡിക്കൽ ഉപകരണങ്ങൾ ഉണ്ടാക്കുന്ന ഒരു കമ്പനിയുമായുള്ള ചർച്ച നടന്നു വരികയാണെന്നുമാണ് ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് അധികൃതർ അറിയിച്ചിട്ടുള്ളത്. എന്നാൽ ഈ കമ്പനിയ്ക്കാവശ്യമായ അത്രയും മൃഗകലകൾ |

ലഭ്യമാക്കുവാൻ സാധിക്കാത്തതിനാൽ സാങ്കേതിക വിദ്യ കൈമാറുവാൻ ഇതുവരെ സാധ്യമായിട്ടില്ല എന്നും അവർ അറിയിച്ചിട്ടുണ്ട്. കെ.എൽ.ഡി.ബോർഡിന്റെ ഫാമുകളിൽ നിന്നുള്ള കന്നുകുട്ടികളുടെ പെരിക്കാർഡിയൽ മെബ്രൈൻ ആണ് കോശരഹിതമൃഗകലകൾ വികസിപ്പിക്കുന്നതിനായി ശ്രീ.ചിത്രാ ഇൻസ്റ്റിറ്റ്യൂട്ടിന് നൽകുന്നത്. എന്നാൽ വ്യാവസായിക ഉൽപ്പാദനത്തിനാവശ്യമായത്രയും എണ്ണം പെരിക്കാർഡിയൽ മെബ്രൈൻ ലഭ്യമാക്കുവാൻ കെ.എൽ.ഡി.ബോർഡിന് തൽക്കാലം സാധിക്കുന്നതല്ല. മാത്രവുമല്ല വ്യാവസായികാടിസ്ഥാനത്തിലുള്ള നേരിട്ടുള്ള ഉൽപ്പാദനം കെ.എൽ.ഡി ബോർഡിന്റെ പരിഗണനയിൽ ഇല്ലാത്ത കാര്യമാണ്.

Seela

സെക്ഷൻ ഓഫീസർ